01
മേയ്
2018

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## വേനലിനെ എങ്ങനെ നേരിടും? ഇന്ന് മന്ത്രിസഭാ യോഗം

**മഴക്കാട്:** ഇതുവരെ ഇല്ലാത്ത വിധമുള്ള കടുത്ത വേനലിനെ എങ്ങനെ നേരിടാം എന്നതിനെ പറ്റിയുള്ള മന്ത്രിതല ചർച്ച ഇന്ന് നടക്കും. കൃത്രിമമഴയുടെ സാധ്യതയെ പറ്റിയും ഇന്ന് ചർച്ച ചെയ്യും. പുഴയിലും അരുവിയിലുമെല്ലാമുള്ള വെള്ളം എങ്ങനെ നീരാവിയാക്കി മുകളിലെത്തിക്കും എന്ന വിഷയത്തിൽ കൃത്രിമ മഴ വിദഗ്ധൻ ചെന്നായൻ വാസുവിന്റെ പഠനക്ലാസും ഉണ്ടാകും. അരുവികളിലൊക്കെ വെള്ള മുണ്ടെങ്കിലല്ലേ നീരാവിയാക്കാൻ പറ്റൂ; ഇല്ലാത്ത സ്ഥിതിക്ക് എന്തു ചെയ്യുമെന്നും, നീരാവിയാക്കിയ വെള്ളം മഴയായി പെയ്തില്ലെങ്കിൽ നമ്മളെല്ലാം ശശിയാവില്ലേ തുടങ്ങിയ വിശകലനങ്ങൾക്കുമെല്ലാം യോഗത്തിൽ വാസു വിശദീകരണം നൽകും.



വെള്ളക്ഷാമം കാരണം കുളി ഒഴിവാക്കണം എന്ന നിർദേശം കാട്ടിലൊരിടത്തും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ചൂട് കനത്തതായതുകൊണ്ട് കുളിക്കാതിരിക്കാൻ കഴിയില്ല എന്നാണ് മൃഗങ്ങൾ പറയുന്നത്.

## തലയിൽ കാഷ്ഠിച്ചതിന് പിഴ



**കാക്കഞ്ചേരി:** ന്യൂജൻ ലുക്കിൽ നല്ല സ്റ്റൈലായി കോളേജിൽ പോവുകയായിരുന്ന അപ്പുക്കുട്ടൻ കുറുക്കന്റെ തലയിൽ കാഷ്ഠിച്ച ചിന്നുക്കാക്കക്ക് കാക്കനാടൻ കോടതി പിഴയിട്ടു. ആയിരങ്ങൾ ചെലവാക്കിയാണ് ഞാനെന്റെ മുടി സ്പൈക്ക് ആക്കിയതെന്നും അതിനാൽ, തക്കതായ നഷ്ടപരിഹാരം നൽകണമെന്നുമായിരുന്നു അപ്പുക്കുട്ടന്റെ വാദം. കാക്കകൾക്ക് എവിടെ വേണേലും കാര്യം സാധിക്കാം എന്ന ഇന്നത്തെ നില മാറണമെന്നും, അതിന് കൃത്യമായ നിയമം വേണമെന്നും അപ്പുക്കുട്ടൻ പറഞ്ഞു.

## ഈപ്പച്ചൻ പള്ളിക്കൂടത്തിൽ പോയിട്ടുണ്ട്

**ഉറുമ്പിൻകാട്:** ഈപ്പച്ചൻ കുരങ്ങ് പള്ളിക്കൂടത്തിൽ പോയിട്ടില്ല എന്ന വവ്വാൽ വൈദ്യരുടെ പരാമർശം ശരിയല്ലെന്ന് തെളിഞ്ഞു. തന്റെ എസ്.എസ്.എൽ.സി ബുക്ക് പത്ര സമ്മേളനത്തിൽ എടുത്തുയർത്തിക്കൊണ്ട് ഇനിയും ഇല്ലാവചനങ്ങൾ പ്രചരിപ്പിക്കരുതെന്ന് ഈപ്പച്ചൻ പറഞ്ഞു. വൈദ്യർക്ക് എന്നോടെന്താണ് ഇത്ര ദേഷ്യം എന്നെനിക്കറിയില്ല. വ്യാജവൈദ്യൻ എന്ന് വൈദ്യരുടെ ക്ലിനിക്കിന് മുന്നിൽ എഴുതിവെച്ചത് സത്യമായിട്ടും ഞാനല്ലെന്നും എന്റെ കൈയക്ഷരം അങ്ങനല്ലെന്നും ഈപ്പച്ചൻ പറഞ്ഞു.



പള്ളിക്കൂടത്തിൽ പോകാത്ത ഈപ്പച്ചൻ ഒരുപക്ഷേ വേറെ ആരെങ്കിലും ആകാമെന്നും ഈപ്പച്ചൻ കുരങ്ങ് പോയിട്ടുണ്ടെന്നും ഞാനവന്റെ കണക്ക് മാഷാണെന്നും കരടി സാമു മാഷ് പറഞ്ഞു.

## മെട്രോ ട്രെയിനിൽ ആളില്ല

**എരുമാകുളം:** കൊട്ടിഘോഷിച്ച് ഉദ്ഘാടനം ചെയ്ത മെട്രോ ട്രെയിനിൽ കയറാൻ മൃഗങ്ങൾക്കെല്ലാം വിമ്മിഷ്ടം. ഉയർന്ന ടിക്കറ്റ് നിരക്കാണ് ഈ പിന്നോട്ടടിക്ക് കാരണം. മെട്രോ കാണാൻ വരുന്നവർ മാത്രമാണിപ്പോൾ യാത്രക്കാരായിട്ടുള്ളത്. യാത്രക്കാരെ ആകർഷിക്കാൻ എന്തു ചെയ്യും എന്ന ആലോചനയിലാണിപ്പോൾ അധികൃതർ. യാത്ര ഒരു നിശ്ചിത കാലം സൗജന്യമാക്കുകയും മെട്രോയിലെ യാത്ര മൃഗങ്ങൾക്ക് ശീലമായാൽ ഉടനെ നിരക്ക് കൂട്ടുകയും ചെയ്യുന്ന സൂത്രം ചെയ്താൽ മതിയെന്നാണ് മുകളിൽനിന്ന് കിട്ടിയ നിർദേശം. സിമ്മും നെറ്റും ഫ്രീയായി നൽകുകയും പിന്നീട് കാശ് ഈടാക്കും എന്നു വന്നപ്പോൾ സിമ്മ് വളരെ സിമ്പിളായി ഒഴിവാക്കുകയും ചെയ്ത മൃഗങ്ങളോട് ഒരു സൂത്രവും നടക്കില്ല എന്നു പോലും അറിയാത്ത അധികൃതർ കൂടുതൽ നഷ്ടത്തിലേക്കാണ് മെട്രോയെ കൊണ്ടു പോകുന്നത് എന്ന് കടുവാ കോൺഗ്രസ് പ്രതിനിധി ഷേർഖാൻ പറഞ്ഞു.

കാട്ടു തേൻ വിൽപനക്ക്..



*തൊമ്മൻ കരടി അതിസാഹസികമായി ശേഖരിച്ച അത്യുഗ്രൻ കാട്ടുതേൻ*

*കാട്ടിൽ നിന്നുള്ള തേൻ എന്നു പറഞ്ഞ് വിൽക്കുന്ന തേനെല്ലാം കാട്ടുതേനല്ല. വഞ്ചിക്കപ്പെടരുത് നിങ്ങൾ..*

തൊമ്മൻ തേൻ